<u>അറിയിപ്പ്</u>

## വനംവകുപ്പ് മുത്തങ്ങയിൽ സൗജന്യ പക്ഷിനിരീക്ഷണ ക്യാമ്പ് നടത്തുന്നു

ഈ വർഷത്തെ വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് വയനാടു ജില്ലയിലെ വിദ്യാർത്ഥികളിൽ പക്ഷിനിരീക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി വനംവകുപ്പ് മുത്തങ്ങയിൽ ഒക്ടോബർ 2, 3 തീയ്യതികളിൽ സൗജന്യ പക്ഷിനിരീക്ഷണ ക്യാമ്പ് സംഘടിപ്പിക്കുന്നു. വയനാട് ജില്ലയിലെ പക്ഷിനിരീക്ഷണത്തിൽ തൽപ്പരരായ 20 ഹൈസ്കൂൾ/ ഹയർ സെക്കന്ററി വിദ്യാർത്ഥി കൾക്ക് ഇതിൽ പങ്കെടുക്കാം. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും രണ്ടു വിദ്യാർത്ഥി കൾക്കാണ് പ്രവേശനം നൽകുക. ആദ്യം ലഭിക്കുന്ന അപേക്ഷകൾക്കായിരിക്കും മുൻഗണന. ക്യാമ്പ് അംഗങ്ങൾക്ക് താമസം, ഭക്ഷണം, ക്ലാസ്സുകൾ, ഫീൽഡ് വിസിറ്റ് എന്നിവ വനംവകുപ്പ് ഒരു ക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 2-ാം തീയതി വൈകീട്ട് 4 മണിയ്ക്ക് മുമ്പായി മുത്തങ്ങ ഡോർമിറ്ററിയിൽ ഡോ: ദീപക്കുമാർ.എൻ.കുറുപ്പ്, ഡെപ്യൂട്ടി ഡയ റക്ടർ, വൈൽഡ്ലൈഫ് എഡ്യൂക്കേഷൻ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. 3-ാം തീയതി ഉച്ച കഴിഞ്ഞ് ക്യാമ്പ് അവസാനിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർ കാട്ടിൽ സഞ്ചരിക്കുമ്പോൾ ഉപയോഗിക്കാൻ മങ്ങിയ നിറമുള്ള വസ്ത്രങ്ങൾ, ഷൂസ്, പക്ഷിനിരീക്ഷണത്തിനാവശ്യമായ ബൈനോക്കുലർ മുതലായവ സ്വന്തമായി കരുതേണ്ടതാണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക www.wayanadsanctuary.org എന്ന വെബ്ബ് സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട വിദ്യാലയത്തിന്റെ മേധാവി സാക്ഷ്യപ്പെടുത്തിയതും 27.09.2010 ന് വൈകു ന്നേരം 3 മണിയ്ക്ക് മുമ്പ് ലഭിക്കുന്നതുമായ അപേക്ഷകൾ മാത്രമേ പരിഗണിക്കൂ. ഡെപ്യൂട്ടി ഡയ റക്ടർ (വൈൽഡ്ലൈഫ് എഡ്യുക്കേഷൻ) അംഗീകരിച്ച് സ്ഥിരീകരണം നൽകുന്നവരെ മാത്രമേ ക്യാമ്പിൽ പങ്കെടുപ്പിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് ഡെപ്യൂട്ടി ഡയറക്ടർ, വൈൽഡ്ലൈഫ് എഡ്യുക്കേഷനുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9495244170, 9747442794
അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം:

ഡോ:ദീപക്കുമാർ.എൻ.കുറുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ (വൈൽഡ്ലൈഫ് എഡ്യൂക്കേഷൻ)
വയനാട് വൈൽഡ്ലൈഫ് ഡിവിഷൻ
സുൽത്താൻ ബത്തേരി (പി.ഒ.)

സുൽത്താൻ ബത്തേരി
18.09.2010

വി.കെ.ശ്രീവൽസൻ
വൈൽഡ്ലൈഫ് വാർഡൻ
വയനാട് വൈൽഡ്ലൈഫ് ഡിവിഷൻ